പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1252 | 12/07/2011 - ൽ മറുപടിക്ക്

## സ്കൂൾ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങൾ വിൽപ്പന

| ചോദ്യം<br>ശ്രീമതി.കെ.എസ്.സലീഖ | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
|---|---|
| (എ) സ്കൂൾ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങളുടെ വിൽപന തടയുന്നതിന് നിലവിലെ നിയമ സംവിധാനങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ ; | (എ) കേരളപോലീസ് നിയമത്തിലെ 118(1), 6(b), 8 എന്നീ വകുപ്പുകളും Cigarette and other Tobacco Products (Prohibition of Advertisement and Regulation of Trade and Commerce, Production, Supply and Distribution) Act, 2003-ലെ 23-ാം വകുപ്പു പ്രകാരവും നടപടി സ്വീകരിക്കാൻ കഴിയും |
| (ബി) സ്കൂൾ പരിസരങ്ങളിൽ ഇപ്പോഴും ലഹരിപദാർത്ഥങ്ങൾ വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇത് തടയുന്നതിനും സാമൂഹികമായും മറ്റ് അക്രമവാസനകളിലേക്കും വിദ്യാർത്ഥി സമൂഹം വഴിതിരിഞ്ഞു പോകാവുന്ന വൻ വിപത്തുകൾ ഒഴിവാക്കുന്നതിനും എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ? | (സി) പുകയില ഉൽപ്പന്നങ്ങളുടെ വില്പനയും ഉപഭോഗവും, ഉപയോഗവും നിയന്ത്രിക്കുന്നതിന് സ്റ്റുഡന്റ് പോലീസ്, ജനമൈത്രി പോലീസ്, കമ്മ്യൂണിറ്റി പോലീസ് എന്നീ പദ്ധതികളുടെ ഭാഗമായി ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

കൂടാതെ സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി 10 കോളേജുകളിൽ ആന്റി നർകോട്ടിക് ക്ലബുകൾ രൂപീകരിക്കാനും അതുവഴി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുവാനും പുകയില ഉൽപ്പന്നങ്ങളുടെ അനധികൃത വിൽപന കണ്ടെത്തുന്നതിനും നടപടികൾ എടുത്തിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ രൂപീകരിച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. നിരോധിത പരിധിയിൽ ലഹരി വസ്തുക്കൾ വിൽക്കുന്ന കടകളിൽ റെയ്ഡ് നടത്തി കേസെടുക്കുന്നുമുണ്ട്.

സെക്ഷൻ ഓഫീസർ